(ബി) പതിനായിരക്കണക്കിനേൽ രൂപ കുടിശ്ശികയായിട്ടുള്ള സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും എത്രയുണ്ടെന്നുള്ള വിശദവിവരം ശേഖരിച്ചുവരുന്നു. സ്വകാര്യ വ്യക്തികളിലും സ്ഥാപനങ്ങളിലും നിന്ന് 31-12-2004 വരെ ഉദ്ദേശം 37 കോടി രൂപയോളം പിരിഞ്ഞ് കിട്ടുവാനുണ്ട്.

(സി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കൾക്ക് കുടിശ്ശിക തുക ഉടനെ അടച്ചുതീർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസുകൾ അതോറിറ്റിയുടെ ബന്ധപ്പെട്ട റവന്യൂ ഓഫീസുകളിൽ നിന്നും നൽകാറുണ്ട്. മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളെ കുടിശ്ശിക അടയ്ക്കാൻ പ്രേരിപ്പിച്ചും സ്ഥാപനങ്ങളുടെ മേധാവികളുമായി ബന്ധപ്പെട്ടും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്താറുണ്ട്. ഭീമമായ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് മുൻകൂർ നോട്ടീസ് നൽകി വാട്ടർ കണക്ഷൻ വിശ്ഛേദിക്കുകയും, എന്നിട്ടും കുടിശ്ശിക ഒടുക്കാത്ത ഉപഭോക്താക്കൾക്കെതിരെ റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കാറുണ്ട്.

ഗാർഹികേതര വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളിൽ നിന്നും ദീർഘകാലമായി ലഭിക്കുവാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഈ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കുടിശ്ശിക തുക ഒറ്റത്തവണയായി അടച്ചു തീർക്കുവാൻ സന്നദ്ധരാകുന്ന ഗാർഹികേതര ഉപഭോക്താക്കൾക്ക് പ്രതിമാസ പിഴ ഒഴിവാക്കുകയും പകരം വാർഷിക കുറ്റുപലിശ ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

കടൽഭിത്തി നിർമ്മാണം

61 [1779] ശ്രീ. മഞ്ഞളാംകുഴി അലി :

,, വി. കെ. സി. മമ്മത്കോയ :

,, ടി. കെ. ദേവകുമാർ :

,, കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്ത പശ്ചാത്തലത്തിൽ കടൽഭിത്തി നിർമ്മാണം നടത്തുമ്പോൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതിനകം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽഭിത്തി നിർമ്മാണത്തിന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടില്ല. അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ ഷോർട്ട് ടെണ്ടർ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കടൽഭിത്തി നിർമ്മാണത്തിന് പുറപ്പെടുവിച്ച സ.ഉ.(സാ)15/05/ജലവിഭവ., സ.ഉ.(സാ) 28/05/ജലവിഭവ., സ.ഉ.(സാ) 191/05/ജലവിഭവ., സ.ഉ.(സാ) 572/05/റവ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.†

കടൽഭിത്തി നവീകരണ പ്രവർത്തനം

62 [1780] ശ്രീ. സി. ടി. അഹമ്മദ്അലി :

,, പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ :

,, ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ വർഷം കടൽഭിത്തി നിർമ്മാണത്തിനും നവീകരണത്തിനും എന്തു തുക വീതം ചെലവായിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

2004-05 സാമ്പത്തിക വർഷത്തിൽ കടൽഭിത്തി നിർമ്മാണത്തിനും നവീകരണത്തിനുമായി പ്ലാൻ, നോൺ പ്ലാൻ കണക്കിനങ്ങളിലായി നാളിതുവരെ 2389.06 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി.

കടൽഭിത്തികൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും ലഭ്യമായ കേന്ദ്രസഹായം

63 [1781] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടൽഭിത്തികൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും ലഭ്യമായ കേന്ദ്ര സഹായത്തെക്കുറിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2004-05-ൽ ഈയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) 2004-05-ൽ കേരളം ഈ ഇനത്തിൽ ചെലവഴിച്ച തുകയെത്രയാണ് എന്ന് അറിയിക്കുമോ ?

† അനുബന്ധം-III

LIBRARY ARCHIVES Kerala Legislative Assembly